# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2370** **18/06/2014-ൽ മറുപടിക്ക്**

## ക്യാൻസർ ചികിത്സാരംഗം

**ചോദ്യം** **മറുപടി**

**ശ്രീ. ജയിംസ് മാത്യു**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ക്യാൻസർ ചികിത്സാരംഗം ഏറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും അവശ്യമരുന്നുകളുടെ ഭീമമായ വിലക്കയറ്റം ക്യാൻസർ രോഗികൾക്ക് വെല്ലുവിളിയാണെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ ; | (എ) | ക്യാൻസർ മരുന്നുകളുടെ വിലക്കയറ്റം ക്യാൻസർ രോഗികൾക്ക് ഒരു വെല്ലുവിളി തന്നെയാണ്. പാവപ്പെട്ട രോഗികൾക്ക് ക്യാൻസർ മരുന്ന് സൗജന്യമായി സർക്കാരിനുവേണ്ടി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ക്യാൻസർ മരുന്നുകൾ ഗവൺമെന്റ് വാങ്ങുന്നുണ്ട്. കൂടാതെ കാരുണ്യ ഫാർമസികൾ വഴി ക്യാൻസർ മരുന്നുകൾ വില കുറച്ച് നൽകുന്നുണ്ട്. |
| (ബി) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഔഷധവിലനിയന്ത്രണ നിയമത്തിന്റെ പരിധിയിൽ പുതുതായി പേറ്റന്റ് ചെയ്യപ്പെട്ട ക്യാൻസർ മരുന്നുകൾ ഉൾപ്പെടാത്തത് വില വർദ്ധനവിന് കാരണമാകുന്നുണ്ടോ ; | (ബി) | ആവശ്യ മരുന്നുകളുടെ ലിസ്റ്റ് കേന്ദ്ര സർക്കാർ തയ്യാറാക്കുകയും പ്രസ്തുത ലിസ്റ്റിൽ മുപ്പതോളം ക്യാൻസർ മരുന്നുകളുടെ വില നിയന്ത്രിച്ചിട്ടുണ്ട്. പുതിയതായി പേറ്റന്റ് എടുത്ത മരുന്നുകൾ പിന്നീട് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണ്. |
| (സി) | പുതുതായി പേറ്റന്റ് ചെയ്യപ്പെട്ട മരുന്നുകളുടെ പട്ടികയിൽ ക്യാൻസർ മരുന്നുകൾ ഉൾപ്പെടുത്തുന്നതിന് സമ്മർദ്ദം ചെലുത്തുമോ ? | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ